LIBRARY ARCHIVES Kerala Legislative Assembly

(7) വെള്ളക്കെട്ട്

ശ്രീ. ടി. ജെ. വിനോദ്: സർ, എറണാകുളം നിയോജകമണ്ഡലത്തിലെ കൊച്ചിൻ കോർപ്പറേഷന്റെ പരിധിയിലുള്ള താന്തോന്നിതുരുത്ത്, വടുതല, ചേരാനെല്ലൂർ പഞ്ചായത്ത്, കുറുങ്കോട്ട് ദ്വീപ് എന്നിവിടങ്ങളിൽ ചെറിയൊരു മഴപെയ്താൽപോലും വെള്ളപ്പൊക്കത്തിന് കാരണമാകുന്നത് വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിലേയ്ക്കുള്ള റെയിൽപ്പാതയുടെ നിർമ്മാണത്തോടനുബന്ധിച്ച് നിർമ്മിച്ച താൽക്കാലിക ബണ്ടും നിർമ്മാണ അവശിഷ്ടങ്ങളുമാണ്. വടുതല ഡോൺബോസ്കോ ലൈനിന്റെ കടവിനുസമീപം കായലിനുകുറുകെ ഇരുവശങ്ങളിലുമാണ് നീരൊഴുക്കിന് കാര്യമായ തടസ്സം നേരിടുന്നത്. ഇതുമൂലം കായലിലെ ഒഴുക്ക് നിശ്ചലാവസ്ഥയിലായി. പെരിയാർ നദി കായലുമായി സംഗമിക്കുന്ന സ്ഥലമാണിത്. മത്സ്യസമ്പത്ത് ഏകദേശം പൂർണ്ണമായി നശിച്ചതിനാൽ മത്സ്യത്തൊഴിലാളികളുടെ ഉപജീവനം പൂർണ്ണമായി നിലച്ചിരിക്കുകയാണ്. റെയിൽപ്പാതയുടെ നിർമ്മാണത്തിനുവേണ്ടി 2009-ൽ താൽക്കാലിക ബണ്ട് നിർമ്മിച്ചു. 2011-ൽ റെയിൽപ്പാതയുടെ പണി പൂർത്തീകരിച്ചെങ്കിലും കരാറെടുത്ത Afcons Infrastructure എന്ന കമ്പനി ബണ്ടും അവശിഷ്ടങ്ങളും നീക്കം ചെയ്യാതെ പോയതുകാരണം ഗുരുതരമായ സ്ഥിതിവിശേഷമാണ് ആ പ്രദേശങ്ങളിൽ നിലനിൽക്കുന്നത്. കൊച്ചിൻ പോർട്ട് ട്രസ്റ്റിനുവേണ്ടി കണ്ടെയ്നർ ടെർമിനലിന്റെ നടത്തിപ്പുകാരായ DP World-ഉം ഇന്ത്യൻ റെയിൽവേയ്ക്കുവേണ്ടി റെയിൽവേപ്പാതയുടെ നിർമ്മാണ ചുമതല ഏറ്റെടുത്ത റെയിൽവേയുടെ കൺസ്ട്രക്ഷൻ വിംഗായ റെയിൽ വികാസ് നിഗം ലിമിറ്റഡും അതിനുവേണ്ടി പ്രവൃത്തി ചെയ്ത Afcons Infrastrcture ഏജൻസിയും ഇതിന് ഉത്തരവാദികളാണ്. എന്നാൽ ഈ ഏജൻസികളൊന്നുംതന്നെ ഈ ബണ്ടും ചെളിയും എക്കലും നീക്കം ചെയ്യുന്ന ഉത്തരവാദിത്വം ഏറ്റെടുക്കാതെ മുന്നോട്ടുപോകുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഇടപെടേണ്ട സാഹചര്യമുണ്ടായി. ജില്ലയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഈ വിഷയത്തിൽ ഇടപെട്ടിട്ടുണ്ട്. പക്ഷേ ഇതുവരെ അതിനൊരു പരിഹാരവുമുണ്ടായിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. കോവിഡ് മഹാമാരിയുടെ ഈ കാലത്ത് ഇനിയൊരു പ്രളയംകൂടി താങ്ങാനുള്ള മാനസികാവസ്ഥ ഈ പ്രദേശത്തുള്ളവർക്കില്ല. ആയതുകൊണ്ട് ഇതിന് പരിഹാരമുണ്ടാക്കുന്നതിന് സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാന്യനായ അംഗം അവതരിപ്പിച്ച സബ്മിഷന്റെ ഗൗരവം ഗവൺമെന്റ് പൂർണ്ണമായി ഉൾക്കൊള്ളുന്നു. ഈ വിഷയം മൂന്നാമത്തെ ദിവസമാണ് സഭയിൽ സബ്മിഷനായി വരുന്നത്. രണ്ടു ദിവസങ്ങളിലും പ്രതിപക്ഷം സഭ ബഹിഷ്കരിച്ചതുകൊണ്ട് സബ്മിഷൻ അവതരിപ്പിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാന്യനായ എം.എൽ.എ.-ക്ക് സാധിച്ചില്ല. എന്നാൽ തുടർച്ചയായ മൂന്നാം ദിവസവും ഈ സബ്മിഷൻ അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചതിനെ വളരെ സന്തോഷത്തോടുകൂടിയാണ് ഞാൻ കാണുന്നത്. വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിലേയ്ക്കുള്ള റെയിൽവേ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് റെയിൽവേയാണ് കായലിനുകുറുകെ ബണ്ട് നിർമ്മിച്ചത്. 2011-ൽ പാലത്തിന്റെ നിർമ്മാണം പൂർത്തിയായതോടുകൂടി ബണ്ട് പൊളിച്ചുനീക്കേണ്ട ചുമതലയും റെയിൽവേയ്ക്കായിരുന്നു. അക്കാര്യത്തിൽ റെയിൽവേ ഉദാസീനതയും വീഴ്ചയുമാണ് വരുത്തിയിട്ടുള്ളത്. ഈ സംഭവം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അടിയന്തര ഇടപെടലുണ്ടായി. ശ്രീ. ടി. ജെ. വിനോദ് സൂചിപ്പിച്ചതുപോലെ, വ്യവസായ വകുപ്പുമന്ത്രി ഈ വിഷയം ശ്രദ്ധയിൽകൊണ്ടുവന്ന സമയത്തുതന്നെ ഇറിഗേഷൻ വിഭാഗം സ്ഥലം സന്ദർശിച്ച് വിശദമായ റിപ്പോർട്ട് നൽകിയതിന്റെ തുടർച്ചയായി ബഹുമാനപ്പെട്ട മന്ത്രി യോഗം വിളിച്ചു. അതിന്റെ ഉത്തരവാദിത്തം റെയിൽവേയ്ക്കാണെന്നുള്ളതുകൊണ്ടും അവർ ഇക്കാര്യത്തിൽ ഉദാസീനത നിലനിർത്തുന്നുവെന്നതുകൊണ്ടും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിൽ ഈ വിഷയം നിൽക്കുന്നതുകൊണ്ടും കാലതാമസം നേരിടേണ്ടിവന്നു. എന്നാൽ 29-7-2021-ൽ കോടതിയുടെ പരിഗണനയ്ക്കായി വന്ന ഈ കേസ് 5-8-2021-ലേയ്ക്ക് മാറ്റി വച്ചിരിക്കുകയാണ്. കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു കേസ് എന്ന രീതിയിൽ സ്വാഭാവികമായും റെയിൽവേ ഇത് പൊളിച്ചുമാറ്റണമെന്നുള്ള നീതിപൂർവ്വമായ സമീപനമുണ്ടാകുമെന്നതന്നെയാണ് കരുതുന്നത്. ഇതിലെ പ്രധാന വിഷയം, ഇത് വലിയ തോതിൽ പെരിയാറിലെ വെള്ളപ്പൊക്കത്തിന് കാരണമാകുന്നുണ്ട് എന്നതാണ്. തന്മൂലം ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അത് കോടതി നിരീക്ഷിക്കുമെന്നാണ് കരുതുന്നത്. വരുംകാലങ്ങളിൽ ഇതിന്റെ പേരിൽ ഒരു ബുദ്ധിമുട്ടുമുണ്ടാകാതെ ഗവൺമെന്റ് നിരീക്ഷിക്കും. കോടതിവിധി വരുന്നമുറയ്ക്ക് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ വിഷയം ഭാവിയിലുണ്ടാകാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(8) ബി.ഐ.എസ്. അംഗീകാരം

ശ്രീ. സജീവ് ജോസഫ്: സർ, കേരളത്തിലെ റബ്ബർ കർഷകർ വിലത്തകർച്ചമൂലം ഗുരുതര പ്രതിസന്ധി നേരിടുന്ന ഈ സാഹചര്യത്തിൽ ചിരട്ടപ്പാൽ ഇറക്കുമതി ചെയ്യാനും ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സ് (ബി.ഐ.എസ്.) അംഗീകാരം നൽകാനുമുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം കർഷകർക്ക് ആശ്വാസം പകരുന്നതിനു പകരം റബ്ബർമേഖലയ്ക്ക് കനത്ത പ്രഹരമേൽപ്പിക്കുന്ന നടപടിയാണ്. ചിരട്ടപ്പാൽ ഇറക്കുമതി ചെയ്യാനുള്ള ഏക നിയമതടസം ബി.ഐ.എസ്. സർട്ടിഫിക്കേഷനില്ലെന്നുള്ളതാണ്. ഈ കടമ്പ മറികടക്കാൻ ചിരട്ടപ്പാലിന് ബി.ഐ.എസ്. അംഗീകാരം